LIBRARY ARCHIVES Kerala Legislative Assembly

തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ നിർമ്മാണം

133(402) ശ്രീ. സന്ദീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ വ്യവസായം ആരംഭിക്കുമെന്ന പ്രകടനപത്രികാ വാഗ്ദാനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ വ്യവസായം ആരംഭിച്ചിട്ടില്ല.

കണ്ണന്ത്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ

134(403) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിലെ പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണന്ത്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ?

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട് നോഡിൽ കണ്ണന്ത്രയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ 19(1) Draft Declaration പ്രസിദ്ധീകരിച്ചിട്ടുണ്ട്. Detailed Valuation Statement തയ്യാറാക്കിയിട്ടുണ്ട്. 24-2-2021-ൽ ജില്ലാതല വില നിർണ്ണയ സമിതിയുടെ യോഗം ചേരുകയും അനുമതിക്കായി സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത വ്യവസായ പാർക്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന വ്യവസായ സംരംഭങ്ങളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത പാർക്കിൽ ഭക്ഷ്യസംസ്കരണം, മെഡിക്കൽ ഡിവൈസുകൾ, പി.വി.സി. പൈപ്പുകൾ, മെഷിനറി ഉത്പാദനം, പാക്കേജിംഗ്, ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള എല്ലാ പരിസ്ഥിതി സൗഹൃദ വ്യവസായ ഉത്പന്നങ്ങൾക്കും നിക്ഷേപ സാധ്യതയുണ്ട്.

(സി) പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?